IT

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 601

30.03.2010-ൽ മറുപടിക്ക്

## വിവിധ വകുപ്പുകളിലെ ഇ-ടെൻഡറിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. പി. കൃഷ്ണപ്രസാദ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഇ-ടെൻഡറിംഗ് സമ്പ്രദായം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്; | (എ) കേരള സുസ്ഥിരനഗര വികസന പദ്ധതി (KSUDP), സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരളാ വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ ഇ-ടെൻഡറിംഗ് നടപ്പാക്കിയിട്ടുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടപ്പാക്കി വരുന്ന ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതി (JNNURM) പ്രകാരമുള്ള ടെൻഡറുകളും ഇ-ടെൻഡർ സംവിധാനത്തിലൂടെ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇലക്ട്രോണിക് ടെൻഡറിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | (ബി) NEGP പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ-പ്രൊക്യുർമെന്റ് പദ്ധതിയുടെ DPR തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് NISGയെ കൺസൾട്ടന്റ് ആയി നിയമിക്കുകയും കൺസൾട്ടൻസി ചെലവ് കേന്ദ്ര സർക്കാർ വഹിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇ-ടെൻഡറിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായം ഏത് സ്ഥാപനമാണ് നൽകുന്നത്; | (സി) ഉത്തരം "എ"യിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ ഇ-ടെൻഡറിംഗ് നടപ്പാക്കാനാവശ്യമായ സാങ്കേതിക സഹായം നൽകി വരുന്നത് കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ (KEONICS) എന്ന സ്ഥാപനമാണ്. സംസ്ഥാന സർക്കാർ ആരംഭിക്കുന്ന ഇ-പ്രൊക്യുർമെന്റ് പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡറിംഗ് നടപടി നടന്നു കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | ഇ-ടെൻഡറിംഗ് സമ്പ്രദായം മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ; | ഡി) | കൂടുതൽ മത്സരാധിഷ്ഠിത ദർഘാസുകൾ ലഭ്യമാകുന്നതിനും സുതാര്യമായ രീതിയിൽ കുറഞ്ഞ സമയത്തിനുള്ളിൽ വളരെ കുറഞ്ഞ ചെലവിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും ദർഘാസുകൾ പ്രോസസ് ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. KSUDP പദ്ധതിയിലെ 32-ഓളം ടെൻഡർ നടപടികൾ ഇ-ടെൻഡറിംഗ് സംവിധാനത്തിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്. KWA ഇ-ടെൻഡറിംഗ് ഏർപ്പെടുത്തിയ ശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിച്ചു. കൂടാതെ യഥാർത്ഥ താല്പര്യമുള്ള കരാറുകാർ മാത്രം ടെൻഡറിൽ പങ്കെടുക്കുന്നതിനാൽ ടെൻഡറുകൾക്ക് മത്സര സ്വഭാവം കൈവന്നു. ടെൻഡർ തുറക്കുന്ന സമയം വരെ ടെൻഡറിന്റെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുവാനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കഴിയുന്നു. നിരക്കുകൾ താരതമ്യം ചെയ്യാനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാവുകയും പരസ്യകൂലി കുറയ്ക്കുവാനും കഴിയുന്നു. ടെൻഡർ തുറക്കാനുള്ള കാലതാമസം കുറയുകയും വിജയികളായ കരാറുകാർക്ക് പർച്ചേസ് ഓർഡർ വേഗത്തിൽ നൽകുവാനും കഴിയുന്നു. ഡിജിറ്റൽ കൈയൊപ്പ് നിർബന്ധമാക്കുന്നതു മൂലം കരാറുകാരെ തിരിച്ചറിയുന്നതിനും ബിനാമികളെ ഒഴിവാക്കാനും കഴിയുന്നു. |
| ഇ) | കൂടുതൽ വകുപ്പുകളിൽ ഇ-ടെൻഡറിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഇ) | ഐ.ടി. വകുപ്പിന്റെ മേൽനോട്ടത്തിൽ കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതു മേഖലാ സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ ഇ-ഗവൺമെന്റ് പ്രൊക്യുർമെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 23.10.2009ലെ ഉത്തരവ് പ്രകാരം ഈ പദ്ധതി നടത്തിപ്പിനാവശ്യമായ നടപടിക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ ഒരു ഘടകമാണ് ഇ-ടെൻഡറിംഗ്. മേൽ ഉത്തരവ് പ്രകാരം പൊതുമരാമത്ത്, സ്റ്റേഷനറി, KSRTC, KELTRON എന്നിവിടങ്ങളിൽ ഒന്നാം ഘട്ടത്തിലും ഇറിഗേഷൻ, പോലീസ്, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ രണ്ടാം ഘട്ടത്തിലും പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ വകുപ്പുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 602 | 30.03.2010-ൽ മറുപടിയ്ക്ക്

## വനവിസ്തൃതിയ്ക്കനുസൃതമായി വനപാലകരുടെ എണ്ണം നിർണ്ണയിക്കാൻ നടപടി

**ചോദ്യം**

ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീ. ബാബു പോൾ
ശ്രീമതി. ഇ.എസ്. ബിജി മോൾ
ശ്രീ. കെ. രാജു
ശ്രീ. പള്ളിപ്രം ബാലൻ

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ. സംസ്ഥാനത്തെ വനത്തിന്റെ വിസ്തൃതിക്കനുസരിച്ച് ശാസ്ത്രീയാടിസ്ഥാനത്തിൽ അടിസ്ഥാന വിഭാഗം വനപാലകരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോഴുള്ള തസ്തികകൾക്ക് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നു വ്യക്തമാക്കുമോ ;

ബി. വനവിസ്തൃതിയ്ക്കനുസൃതമായി ഓരോ വിഭാഗത്തിലും ആവശ്യമായ വനപാലകരുടെ എണ്ണം എത്ര; ഇപ്പോഴുള്ള വനപാലക രുടെ എണ്ണം കൂടുതലോ കുറവോ എന്നു വെളിപ്പെടുത്തുമോ ;

**(എ) യും (ബി) യും.**

വന വിസ്തൃതിയും, വനങ്ങളുടെ പ്രത്യേകതയും, ഓരോ സ്ഥലത്തുള്ള സംരക്ഷണ പ്രശ്നങ്ങളുടെ സ്വഭാവവും, ഗൗരവവും വന വികസന പ്രവർത്തനങ്ങളുടെ അളവും കണക്കിലെടുത്താണ് വനപാലകരുടെ തസ്തികകൾ വിന്യസിച്ചിട്ടുള്ളത്. വന സംരക്ഷണത്തിന്റെ പ്രാധാന്യവും നിലവിലുള്ള വന സംരക്ഷണ പ്രശ്നങ്ങളും, വന പരിപാലന പ്രവർത്തനങ്ങളും പങ്കാളിത്ത വനപരിപാലന പദ്ധതികളും, സാമൂഹ്യ വനവത്ക്കരണ പദ്ധതികളും, ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും, വനവികസന പ്രവർത്തനങ്ങളും, വനാശ്രിത സമൂഹങ്ങളുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും കണക്കിലെടുക്കുമ്പോൾ ഇപ്പോഴുള്ള വനപാലകരുടെ എണ്ണം താരതമ്യേന കുറവാണ്.

സി. കുറവാണെങ്കിൽ ആവശ്യമായ വനപാലകരെ നിയമിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കു മോ?

സി. കൂടുതൽ വനപാലകരെ നിയമിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 603 30.03.2010-ൽ മറുപടിക്ക്

## ഫോറസ്റ്റ് അക്കാദമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ. യു.സി. രാമൻ: | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫോറസ്റ്റ് അക്കാദമി, ചന്ദന ഫാക്ടറി, 25 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇവ ഓരോന്നിന്റെയും ആസ്ഥാനം എവിടെയായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ഫോറസ്റ്റ് അക്കാദമി ഫോറസ്റ്റ് സ്കൂൾ സ്ഥിതി ചെയ്യുന്ന അരിപ്പയിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ചന്ദന ഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് മറയൂരിലാണ്. 27 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇവ ഓരോന്നും മുഖേന എന്തൊക്കെ നേട്ടങ്ങൾ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (സി) ഫോറസ്റ്റ് അക്കാദമി നിലവിൽ വരുന്നതോടുകൂടി വനസംരക്ഷണത്തിന് പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, വനസംരക്ഷണം ഫലപ്രദമാ |

..........2

(ഡി) ഇവ ഓരോന്നും ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നത്തേക്ക് ഇവ യാഥാർത്ഥ്യമാക്കാൻ കഴിയും എന്നാണ് ഉദ്ദേശിക്കുന്നത്?

പ്രവർത്തനങ്ങളെ ശാസ്ത്രീയമായി ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സാധിക്കും. പൊതുമേഖലയിൽ ഒരു ചന്ദന ഫാക്ടറി നിലവിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ വനപ്രദേശങ്ങളിലും, സ്വകാര്യഭൂമികളിലും ഉള്ള ചന്ദനത്തിന്റെ വിപണനവും സംസ്കരണവും കൂടുതൽ സുതാര്യമാക്കാനും സ്വകാര്യ ഭൂമികളിൽനിന്നുമുള്ള ചന്ദനത്തടിക്ക് ന്യായമായ വില ഉറപ്പാക്കാനും സാധിക്കും. പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിൽ വന്നാൽ ആ വനപ്രദേശങ്ങളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും.

(ഡി) കേന്ദ്ര സർക്കാർ ജപ്പാനീസ് ഇൻറർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ധാരണാപത്രം കേന്ദ്ര സർക്കാർ ജപ്പാനീസ് ഇൻറർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുമായി ഒപ്പിട്ടു. ഈ പദ്ധതി [illegible] ആരംഭിച്ച് 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

പൊതുമേഖലയിൽ കേരളാ ഫോറസ്റ്റ് ഡവലപ്മെൻറ് കോർപ്പറേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ചന്ദന ഫാക്ടറിയുടെ

പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന 27 ഫോറസ്റ്റ് സ്റ്റേഷനുകളിൽ 12 ഫോറസ്റ്റ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. അവയിൽ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകൾ കോഴിക്കോട് ഡിവിഷന്റെ കീഴിൽ തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അവയുടെ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും പൊന്നും വിലയ്ക്കെടുക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## പുതുതായി ആരംഭിക്കുവാനുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ പട്ടിക

| ക്രമ നം | സർക്കിളിന്റെ പേര് | ഡിവിഷന്റെ പേര് | റെയിഞ്ചിന്റെ പേര് | പുതുതായി ആരംഭിക്കുന്ന സ്റ്റേഷൻ |
|---|---|---|---|---|
| 1. | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം വൈൽഡ്‌ലൈഫ് | നെയ്യാർ വന്യജീവി സങ്കേതം | 1. ആനനിരത്തി |
| | | | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 2. കോട്ടൂർ |
| | | ഷെന്തുരുണി വന്യജീവി സങ്കേതം | ഷെന്തുരുണി | 3. കട്ടിലപ്പാറ |
| 2. | സതേൺ സർക്കിൾ, കൊല്ലം. | പുനലൂർ | പത്തനാപുരം | 4. പുന്നല<br>5. അമ്പനാർ |
| 3. | ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം. | മൂന്നാർ വൈൽഡ്‌ലൈഫ് ഡിവിഷൻ | ചിന്നാർ | 6. ചിന്നാർ |
| 4. | ഹൈ റെയിഞ്ച് സർക്കിൾ, കോട്ടയം | കോതമംഗലം | തൊടുപുഴ | 7. വേലൂർ |
| | | മൂന്നാർ വൈൽഡ്‌ലൈഫ് | ചിന്നാർ | 8. ചിലന്തിയാർ |
| | | മൂന്നാർ | ദേവികുളം | 9. മതികെട്ടാൻ |
| 5. | സെൻട്രൽ സർക്കിൾ, തൃശൂർ | ചാലക്കുടി | പരിയാരം | 10. കൊന്നാകുഴി<br>11. ചിയപ്പൻകുഴി |
| | | ചാലക്കുടി | പാലപ്പിള്ളി | 12. വരന്തരപ്പിള്ളി<br>13. കരികടവ് |
| | | ചാലക്കുടി | വെള്ളിക്കുളങ്ങര | 14. മുപ്ലിയം |
| 6. | നോർത്തേൺ സർക്കിൾ, കണ്ണൂർ | വയനാട് സൗത്ത് | മേപ്പാടി | 15. കൊട്ടപ്പാടി<br>16. വൈത്തിരി |
| | | വയനാട് സൗത്ത് | കൽപ്പറ്റ | 17. പടിഞ്ഞാറത്തറ |
| | | വയനാട് സൗത്ത് | ചെതലത്ത് | 18. പുൽപ്പള്ളി |
| | | കോഴിക്കോട് | കുറ്റിയാടി | 19. വിലങ്ങാട് |
| | | കോഴിക്കോട് | കുറ്റിയാടി | 20. പശുക്കടവ് |
| 7. | ഈസ്റ്റേൺ സർക്കിൾ, ഒലവക്കോട് | നെന്മാറ | ആലത്തൂർ | 21. മംഗലം ഡാം |
| | | നെന്മാറ | കൊല്ലങ്കോട് | 22. തേക്കടി |
| | | നെന്മാറ | നെല്ലിയാമ്പതി | 23. നെല്ലിയാമ്പതി |
| 8. | വൈൽഡ്‌ലൈഫ്, പാലക്കാട് | വയനാട് | തോൽപ്പെട്ടി | 24. ബാവലി |
| | | വയനാട് | മുത്തങ്ങ | 25. നൂൽപ്പുഴ |
| | | വയനാട് | സുൽത്താൻ ബത്തേരി | 26. നായ്ക്കട്ടി |
| | | വയനാട് | കുറിച്ച്യാട്ട് | 27. വണ്ടിക്കടവ് |

## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:*604.        30.03.2010-ൽ മറുപടിയ്ക്ക്

## പാലോട് ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ്<br>ശ്രീമതി.കെ.അരുന്ധതി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പാലോട് ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ: | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) വംശനാശം നേരിടുന്ന സസ്യജാലങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: | (ബി) വംശനാശം നേരിടുന്ന സസ്യജാലങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവയുടെ വിപുലമായ സംരക്ഷണ കേന്ദ്രങ്ങൾ ഗാർഡനുള്ളിൽ പ്രവർത്തിച്ചു വരുന്നു. ഇവയിൽ അത്യപൂർവ്വമായവയെ ഉൽപ്പാദിപ്പിച്ച് വനം വകുപ്പിന്റെ സഹായത്തോടു കൂടി പുനരധിവസിപ്പിക്കുന്ന പദ്ധതികൾ നടന്നു വരുന്നു. കൂടാതെ അപൂർവ്വ സസ്യങ്ങളുടെ ഫീൽഡ് ബാങ്ക്, ജീൻ ബാങ്ക്, ക്രയോ ബാങ്ക് തുടങ്ങിയവയും സ്ഥാപിച്ചിട്ടുണ്ട്. |

(തുടർച്ച്----2)

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്? | (സി) | കേരളത്തിലെ സസ്യങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും മുൻനിറുത്തിയുള്ള ഗവേഷണ പഠനങ്ങളാണ് പ്രധാനമായും നടന്നു വരുന്നത്. ഇതു കൂടാതെ സസ്യങ്ങളിലെ ഔഷധമൂല്യം സംബന്ധിച്ച പഠനങ്ങൾ, സസ്യങ്ങളുടെ വർഗ്ഗീകരണം, സസ്യസംബന്ധിയായ നാട്ടറിവുകളുടെ ക്രോഡീകരണം തുടങ്ങിയ പഠനങ്ങളും നടന്നു വരുന്നു. |
| (ഡി) | ഗവേഷണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്? | (ഡി) | ഗവേഷണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും പദ്ധതികൾക്കായി ധനസഹായം ലഭിക്കുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ടെക്നോളജി, സി.എസ്.ഐ.ആർ., ഐ.സി.എം.ആർ., കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം തുടങ്ങിയ ഏജൻസികളിൽ നിന്നും 2009-2010-ൽ 15 ഗവേഷണ പദ്ധതികളിലായി 1,07,65,932 (ഒരു കോടി ഏഴു ലക്ഷത്തി അറുപത്തി അയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തിരണ്ടു രൂപ) ധനസഹായം ലഭിച്ചിട്ടുണ്ട്. |
| (ഇ) | സസ്യങ്ങളിലെ ഔഷധമൂല്യങ്ങൾ സംബന്ധിച്ച് ബൊട്ടാണിക്കൽ ഗാർഡനിൽ നടത്തിയ ഗവേഷണങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (ഇ) | സസ്യങ്ങളിലെ ഔഷധമൂല്യങ്ങൾ സംബന്ധിച്ച് ബൊട്ടാണിക്കൽ ഗാർഡന്റെ ആരംഭം മുതൽ ഗവേഷണങ്ങൾ നടന്നു വരുന്നുണ്ട്. ജീവനി, സിസറോപ്സിസ് തുടങ്ങിയ |

| | |
|---|---|
| | ഔഷധങ്ങൾ കണ്ടുപിടിച്ച് വാണിജ്യ ഉൽപാദനത്തിനായി നൽകിയിട്ടുണ്ട്. നറുനീണ്ടിയിൽ നിന്നും നിർജ്ജലീകരണത്തിനും ഇലക്ട്രോലൈറ്റ് നഷ്ടത്തിനും ഉപയോഗിക്കാവുന്ന ഒരു മരുന്നിന് പേറ്റന്റ് ലഭിച്ചു കഴിഞ്ഞു. കൂടാതെ മഞ്ഞപ്പിത്തം, ഡയബറ്റിക്സ് തുടങ്ങിയവയ്ക്കെതിരെ ഉപയോഗപ്രദമായേക്കാവുന്ന മരുന്നുകളുടെ പഠനങ്ങളും നടന്നു വരുന്നു. ക്ലോറോഫില്ലിന് നീരു കുറയ്ക്കാനുള്ള ശക്തി ഉണ്ടെന്ന് ആദ്യമായി റ്റി.ബി.ജി.ആർ.ഐ. കണ്ടുപിടിച്ചു. ലൈംഗികശേഷി കുറവിന് ഉപയോഗപ്രദമായ ഒരു മരുന്ന് കണ്ടുപിടിച്ചിട്ടുണ്ട്. |
| (എഫ്) ഇൻഡ്യയിലെ എല്ലാ ബൊട്ടാണിക്കൽ ഗാർഡനുകളെയും ഏകോപിപ്പിച്ച് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുമോ? | (എഫ്) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## പാലോട് ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

1. വൈദ്യുതിയുടെ സ്ഥിരമായ അഭാവം മൂലം ഗവേഷണ പ്രവർത്തനങ്ങൾ മുടങ്ങുന്ന സാഹചര്യത്തിൽ ഗാർഡനുള്ളിൽ, കേന്ദ്ര പവർ മിഷനുമായി സഹകരിച്ച് സ്വന്തമായി ഒരു ചെറുകിട ജലവൈദ്യുത പദ്ധതി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
2. ഗാർഡനിലെ സസ്യങ്ങളെയും ഗവേഷണ പ്രവർത്തനങ്ങളെയും നിരന്തരമായി ശല്യം ചെയ്തുകൊണ്ടിരിക്കുന്ന ആന, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികളെ ചെറുക്കുന്നതിനായി ബലമുള്ള ഒരു ചുറ്റുമതിൽ നിർമ്മിക്കുവാൻ നടപടി എടുത്തു.
3. സസ്യസംരക്ഷണവും സുസ്ഥിര ഉപയോഗവും എന്ന ആശയം പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി പൊതുജനസമ്പർക്ക പരിപാടികൾ സ്ഥിരമായി നടത്തുന്നുണ്ട്. ഇതു കൂടാതെ കേരള ടൂറിസം വകുപ്പുമായി ചേർന്ന് ഗാർഡനെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

Section Officer

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 605

30.03.2010–ൽ
മറുപടിയ്ക്ക്

## "ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ"

ചോദ്യം
ശ്രീ. ജി.കാർത്തികേയൻ
ശ്രീ. അടൂർ പ്രകാശ്
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ദേവസ്വം ബോർഡുകളിലെ ഏതെല്ലാം നിയമനങ്ങളാണ് പി.എസ്.സി ക്ക് വിട്ടിട്ടുള്ളത്;

(എ) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തേണ്ട തസ്തികകളുടെ പൂർണ്ണ വിവരം അടങ്ങിയ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിലെ നിയമനം പി.എസ്.സിക്കു വിടുന്നതിന് 2008 ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ് (2008 ലെ 31–ാം ആക്റ്റ്) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി പി.എസ്.സി യെ ചുമതലപ്പെടുത്തുന്നതിനുള്ള ബില്ലിന് നിയമസഭയുടെ അംഗീകാരം നേടേണ്ടതുണ്ട്.

ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലെയും ഭരണ സർവ്വീസിലെ തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് നിയമം നടപ്പിലായതെന്നാണ്;

(ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലെ ഭരണ സർവ്വീസുകളിലെ നിയമനം പി.എസ്.സി മുഖേനയാക്കിക്കൊണ്ടുള്ള KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE ADMINISTRATIVE SERVICES UNDER DEVASWOM BOARDS) ACT-2008 എന്ന നിയമം വിജ്ഞാപനം ചെയ്തത് 12.06.2008 ലും അയത് നിലവിൽ വന്നത് 01.07.2008 ലുമാണ്.

മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ് 2008 സെക്ഷൻ

8 (ഡി) പ്രകാരം മലബാർ ദേവസ്വം ബോർഡിലെ കമ്മീഷണർ ഒഴികെയുള്ള തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമം 09.01.2008 ൽ നിലവിൽവന്നു. എന്നാൽ മലബാർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി യെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. ഇത് 12 −ാം കേരള നിയമസഭയിലെ 259 −ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥ ആക്റ്റിൽ ഉൾക്കൊളിക്കുന്നതിലേക്കുള്ള ഭേദഗതി ബില്ലുകൾ 12 −ാം കേരള നിയമസഭയിൽ യഥാക്രമം 193,235 എന്നീ നമ്പരുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയമമനുസരിച്ചുള്ള ചട്ടങ്ങൾ എന്നാണ് പുറപ്പെടുവിച്ചത്;

(സി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ ഇതു സംബന്ധിച്ച ചട്ടങ്ങൾ (KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE ADMINISTRATIVE SERVICES UNDER DEVASWOM BOARDS) RULES, 2009 എന്ന പേരിൽ 12.01.2009 ലെ ജി.ഒ.(എം.എസ്) 21/2009/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ നം.20/2009) ആയി 12.01.2009 ന് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ, കൂടൽ മാണിക്യം ദേവസ്വം എന്നിവിടങ്ങളിൽ ഇതു സംബന്ധിച്ച റൂൾ വിജ്ഞാപനം ചെയ്തിട്ടില്ല.

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചു;

(ഇ) ആരെയും നിയമിക്കാത്ത പക്ഷം കാരണമെന്ത്;

(ഡി) & (ഇ) ആരെയും നിയമിച്ചിട്ടില്ല. റിക്രൂട്ട്മെന്റ് ചട്ടങ്ങൾ നിലവിൽ വരാത്തതിനാൽ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(എഫ്) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിക്കപ്പെട്ട എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്?

(എഫ്) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിൽ ഒന്നിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കപ്പെട്ടവർ ആരും ജോലി ചെയ്യുന്നില്ല.

Sulathaan

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 606

30-03-2010-ൽ മറുപടിയ്ക്ക്

**" ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി "**

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) 11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്താൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ പദ്ധതി പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ്, കില, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്. |
| (ബി) ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിന് ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയിട്ടുള്ളത് ; | (ബി) ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ ഓരോ വർഷവും വകയിരുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് നൽകുന്നുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ട വിവര സാങ്കേതിക സഹായം എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന് പ്രത്യേക കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ജില്ലാ പ്ലാനിംഗ് ഓഫീസുകളിൽ ഏകീകൃത സ്റ്റാഫ് പാറ്റേൺ ആണോ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) ജില്ലാ പ്ലാനിംഗ് ഓഫീസുകളിൽ ഏകീകൃത സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോൾ നിലവിലുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസും ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസും ജില്ലാ ആസൂത്രണ സമിതിയുടെ സെക്രട്ടേറിയറ്റ് ആയി പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ഡി) | ജില്ലാ ആസൂത്രണ സമിതിയുടെ ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പ്രാപ്തമായ രീതിയിൽ ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിനായി ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് എന്നിവയെ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ ടെക്നിക്കൽ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ ജില്ലകളിലെയും ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന് പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് വാർഷിക പദ്ധതികളിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് സ്ഥാപിക്കുമോ ? | (ഇ) | ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന് പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 607 30.03-2010- ൽ മറുപടിയ്ക്ക്

## ഭക്ഷ്യക്കമ്മി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. സി.ടി. അഹമ്മദ് അലി : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭക്ഷ്യക്കമ്മി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത് ; | (എ) സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ഏതാണ്ട് 15% മാത്രമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. 85% ഭക്ഷ്യധാന്യങ്ങൾക്കും കേന്ദ്രത്തെയോ അന്യസംസ്ഥാനങ്ങളെയോ ആശ്രയിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര ത്തിൽ നിന്നും അനുവദിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും വിഹിതം വർദ്ധിപ്പിച്ചാൽ മാത്രമേ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ഭക്ഷ്യകമ്മി പരിഹരിക്കാൻ കഴിയുകയുള്ളൂ.<br>സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ഭക്ഷ്യവിളയായ നെൽകൃഷിയുടെ ഉല്പ്പാദനവും ഉല്പ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പരിപാടികളാണ് പരിഗണനയിലുള്ളത്.<br>1) നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നു.<br>2) നിലവിലുള്ള പാടങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പ്രോത്സാഹിപ്പിച്ച് നെല്ലിന്റെ ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ<br>3) സംസ്ഥാനത്തെ നെൽകൃഷി പ്രാധാന്യമുള്ള 75 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് നെൽകൃഷി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംയോജിപ്പിച്ച് ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ<br>4) നെൽകൃഷി മേഖലയിൽ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ<br>5) സംസ്ഥാനമൊട്ടാകെ ഉയർന്ന വില നൽകി നെല്ലു സംഭരിക്കുന്നതിനുള്ള പരിപാടികൾ<br>6) 6000 ഹെക്ടർ പ്രദേശത്ത് കരകൃഷി പ്രോത്സാഹിപ്പിച്ച് നെല്ലിന്റെ ഉല്പ്പാദനം വർദ്ധിപ്പിക്കൽ<br>7) നെൽകൃഷിയ്ക്ക് പരിപൂർണ്ണ ഇൻഷുറൻസ്<br>8) നെൽകൃഷിക്ക് പലിശരഹിത വായ്പ |

(ബി) കുറഞ്ഞ കാലയളവിൽ വിളവെടുക്കാവുന്ന ധാന്യക്കൃഷികളുടെ ആവശ്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) & (സി) സംസ്ഥാനത്തെ മുഖ്യധാന്യവിളയായ നെല്ലിന്റെ വിസ്തൃതിയിൽ ഗണ്യമായ കുറവ് കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രകടമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നെൽകൃഷി സംരക്ഷിക്കുന്നതിനും നിലവിലുള്ള ഒരുപ്പു നിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കുന്നതിനും പരമാവധി തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനും കൃഷി സാന്ദ്രത വർദ്ധിപ്പിക്കുന്നതിനുമുള്ള ഊർജ്ജിത നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പ്രതികൂല കാലാവസ്ഥ തരണം ചെയ്യാൻ കഴിവുള്ള മൂപ്പു കുറഞ്ഞ നെല്ലിനങ്ങൾ നെൽകൃഷി മേഖലയിൽ ലഭ്യമാക്കുന്നതിന്റെ ആവശ്യകത സംസ്ഥാന ഭക്ഷ്യസുരക്ഷ മുൻനിർത്തി വിലയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെയും കൃഷി അനുബന്ധ മേഖലകളുടെയും കാർഷിക സർവ്വകലാശാലയുടെയും സംയുക്താഭിമുഖ്യത്തിൽ ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള പാഡിസെല്ലുകളുടെ ആഭിമുഖ്യത്തിൽ ബഹു. കൃഷി വകുപ്പു മന്ത്രി വിളിച്ചു ചേർത്തിട്ടുള്ള യോഗങ്ങളിൽ ഈ ആവശ്യകത വിലയിരുത്തിയിട്ടുണ്ട്.

ഒരുപ്പൂനിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കി കൃഷി ചെയ്യാൻ കൂടുതൽ സാധ്യതയുള്ള കോൾ, കുട്ടനാട് മേഖലകളിൽ മൂപ്പുകുറഞ്ഞതും ഉത്പ്പാദനക്ഷമത കൂടിയതുമായ നെല്ലിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ മങ്കൊമ്പ്, പട്ടാമ്പി, തൃശ്ശൂർ ജില്ലകളിലെ നെൽഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം നടന്നു വരുന്നു. കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി മൂപ്പ് കുറഞ്ഞ ചുവന്ന ത്രിവേണി എന്നയിനം വിത്ത് അധികമായി ഉല്പ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

100 ദിവസം കൊണ്ട് വിളവെടുക്കാൻ സാധിക്കുന്നതും 5 ടണ്ണിലധികം വിളവു നൽകാൻ കഴിവുള്ളതുമായ പ്രത്യാശ എന്ന നെല്ലിനം കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പാഡിമിഷന്റെ ആഭിമുഖ്യത്തിൽ കുട്ടനാടൻ മേഖലയിൽ പരീക്ഷണാടിസ്ഥാനത്തിൽ മൂപ്പു കുറഞ്ഞ നെല്ലിനങ്ങൾ കൃഷി ചെയ്തു വരുന്നു.

കൃഷി ചെയ്യാൻ കുറഞ്ഞ ജലം ആവശ്യമുള്ള ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയുണ്ടായി

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ കുറഞ്ഞ കാലയളവിൽ വിളവു കിട്ടുന്ന ധാന്യക്കൃഷിയെപ്പറ്റി ആലോചിക്കുമോ ? | (ഡി) | മൂപ്പു കുറഞ്ഞ നെല്ലിനങ്ങൾക്കു പുറമേ മൂപ്പു കുറഞ്ഞ ധാന്യങ്ങളായ ചോളം, ഗോതമ്പ്, കൂവരക് തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ കൃഷി ചെയ്യുന്നതിന്റെ സാധ്യതകൾ കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി വിലയിരുത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 608

30-03-2010 ൽ മറുപടിക്ക്

# കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

ചോദ്യം:
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. സി.എം. ദിനേശ് മണി
ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. എം.എം. മോനായി
ശ്രീ. എ.എം.യൂസഫ്

ഉത്തരം :
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ടെർമിനൽ വികസനം സിയാൽ അക്കാഡമി, കാർഷികോൽപന്നങ്ങൾക്കായുള്ള പ്രത്യേക കാർഗോ സെന്റർ എന്നിവ പൂർത്തിയായിട്ടുണ്ടോ;

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അന്താരാഷ്ട്ര ഡിപ്പാർച്ചർ ടെർമിനലിന്റെ വികസനം പൂർത്തിയായി. ഉത്ഘാടനം 25.09.2009-നു നടക്കുകയും ചെയ്തു. സിയാൽ അക്കാഡമിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. അതിന്റെ ഉത്ഘാടനവും 25.09.09നു നടന്നു. പെരിഷബിൾ കാർഗോ സെന്ററിന്റെ നിർമ്മാണം പൂർത്തിയാവുകയും ഉത്ഘാടനം 02.02.2009ൽ നടക്കുകയും ചെയ്തു.

(ബി) വിമാനത്താവള കമ്പനിയുടെ വരുമാനത്തിൽ എന്തുമാത്രം വർദ്ധനവ് കഴിഞ്ഞ രണ്ടു വർഷക്കാലത്ത് ഉണ്ടായിട്ടുണ്ട്;

(ബി) സിയാലിന്റെ വരുമാനത്തിൽ 2007-2008 കാലയളവിൽ 2006-07നേക്കാൾ 23% വളർച്ചയും, 2008-2009 കാലയളവിൽ 2007-08 നേക്കാൾ 25% വളർച്ചയും രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) സിയാൽ ഈ വർഷം നടപ്പാക്കിയ വികസന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

(സി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 2009 ഏപ്രിൽ മുതൽ 2010 ഫെബ്രുവരി വരെ താഴെ പറയുന്ന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. റൺവേ റീ കാർപ്പെറ്റിംഗ്.
2. മൂന്ന് അഡിഷണൽ പാർക്കിംഗ് ബേകൾ.
3. ഇന്റർനാഷണൽ ഡിപ്പാർച്ചർ ടെർമിനലിന്റെ വികസനം.
4. സിയാൽ അക്കാഡമി.
5. ഗോൾഫ് കോഴ്സിന്റെ ആദ്യഘട്ടം .
6. എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാങ്ങറുകളുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 609 — 30 03 2010-ൽ മറുപടിയ്ക്ക്

## വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വൃക്ഷത്തോട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ. | വനംവകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര ഹെക്ടർ വൃക്ഷത്തോട്ടങ്ങൾ ഉണ്ട്; | എ. | വനംവകുപ്പിന്റെ ഉടമസ്ഥതയിൽ 1.81 ലക്ഷം ഹെക്ടർ വൃക്ഷത്തോട്ടങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്; |
| ബി. | എത്ര ഹെക്ടർ പ്രദേശത്ത് തേക്ക് തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി. | വനംവകുപ്പ് 74,183 ഹെക്ടർ പ്രദേശത്ത് തേക്ക് തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| സി. | വൃക്ഷത്തോട്ടങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | സി | പുതിയ വൃക്ഷത്തോട്ടം വച്ചുപിടിപ്പിച്ചതിനുശേഷം ആദ്യത്തെ മൂന്നു വർഷം കളകൾ നശിപ്പിക്കുക, തൈകൾക്ക് ചുറ്റുമുള്ള മണ്ണ് ഇളക്കുക, വളം ഇടുക, മുതലായ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. വൃക്ഷത്തോട്ടങ്ങളെ കാട്ടുതീയിൽ നിന്നും, കീടബാധകളിൽ നിന്നും സംരക്ഷിക്കുന്നതിനും, അനധികൃത മരംമുറിയിൽ നിന്നും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ഡി. | വൃക്ഷത്തോട്ടങ്ങളോടനുബന്ധിച്ച് വിവിധ ഇനം വൃക്ഷങ്ങളുടെ നഴ്സറി പ്രവർത്തിക്കുന്നുണ്ടോ; | ഡി. | പ്രവർത്തിക്കുന്നുണ്ട്. |
| ഇ. | നഴ്സറിയിൽ നിന്ന് സൗജന്യനിരക്കിൽ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഇ. | ഉണ്ട്.<br>കൂട തൈ ഒന്നിന് 2 രൂപ നിരക്കിൽ തൈകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u> <u>30.03.2010 - ൽ മറുപടിയ്ക്ക്</u>

<u>ചോദ്യം നമ്പർ 610</u>

<u>ഹൗസിംഗ് ബോർഡിന്റെ പുതിയ പ്രോജക്റ്റുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എൻ.അനിരുദ്ധൻ:<br>ശ്രീമതി. ഇ.എസ്.ബിജിമോൾ:<br>ശ്രീ.എ.കെ.ചന്ദ്രൻ:<br>ശ്രീ.പി.തിലോത്തമൻ:<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

(എ) കേരളാ ഭവന നിർമ്മാണ ബോർഡ് പുതിയ പ്രോജക്ടുകൾ വല്ലതും ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. ഏറ്റെടുത്തിട്ടുള്ള പുതിയ പ്രോജക്ടുകൾ താഴെ പറയുന്നവയാണ്.

1. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി
2. സുരക്ഷാ ഭവന പദ്ധതി
3. സുനാമി പുനരധിവാസ പദ്ധതി
4. ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം
5. പട്ടിക ജാതിക്കാർക്കുള്ള ഭവന പദ്ധതി (പട്ടിക ജാതി വകുപ്പിന്റെ കീഴിൽ)
6. പട്ടിക വർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി (പട്ടിക വർഗ്ഗ വകുപ്പിന്റെ കീഴിൽ)

ഈ പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്ത ഭവന നിർമ്മാണ പദ്ധതികളിൽ ഏതെല്ലാം പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയിൽ 22.03.2010 വരെ 1453 വീടുകൾ പൂർത്തിയായിട്ടുണ്ട്. സുരക്ഷാ ഭവന പദ്ധതിയിൽ 25.03.2010 വരെ 2537 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ 165 വീടുകൾ പൂർത്തിയായിട്ടുണ്ട്. പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കു

വേണ്ടി വയനാട്ടിലെ സുൽത്താൻ ബത്തേരി താലൂക്കിൽ ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത 270 വീടുകളും പൂർത്തീകരിച്ച് ട്രൈബൽ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്. പട്ടിക ജാതിക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയിൽ ബോർഡിനെ ഏല്പിച്ച 1812 വീടുകളിൽ 1656 വീടുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പണി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

ഇന്നൊവെറ്റീവ് ഹൗസിംഗ് സ്കീം പ്രകാരം തിരുവനന്തപുരത്ത് പൂജപ്പുരയിൽ 16 ഫ്ലാറ്റുകളുടേയും എറണാകുളത്ത് തൃക്കാക്കരയിൽ 36 ഫ്ലാറ്റുകളുടേയും നിർമ്മാണം നടന്നു വരുന്നു.

| | | | |
|---|---|---|---|
| (സി) | വീടു നിർമ്മിക്കുന്നവർക്ക് ഹൗസിംഗ് ബോർഡ് ഇപ്പോൾ വായ്പ നല്കാറുണ്ടോ; എങ്കിൽ ഏത് റേറ്റിലാണ് പലിശ ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇപ്പോൾ വീടു നിർമ്മിക്കുന്നതിന് വായ്പ നല്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി**

1972 ൽ സർക്കാർ നിർമ്മിച്ചു നല്കിയ ലക്ഷം വീടുകളിൽ ശോചനീയാവസ്ഥയിലായവയുടെ പുനർ നിർമ്മാണത്തിനായി 27.03.2008 ലെയും 19.09.2008 ലെയും ഉത്തരവുകൾ പ്രകാരം എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ലക്ഷം വീടുകൾ പുനർ നിർമ്മിക്കുന്നതിന് പൊതു വിഭാഗം കുടുംബങ്ങൾക്ക് 75,000/- രൂപയും പട്ടികജാതി കുടുംബങ്ങൾക്ക് /ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് 1,00,000/- രൂപയും പട്ടിക വർഗ്ഗ/ആശ്രയ കുടുംബങ്ങൾക്ക് 1,25,000/- രൂപയും പരമാവധി സബ്സിഡി നല്കുന്നതാണ്. സബ്സിഡിയുടെ 50% സംസ്ഥാന സർക്കാർ വിഹിതമായി ഭവന നിർമ്മാണ ബോർഡിൽ നിന്നും ബാക്കി 50% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നല്കുന്നതാണ്. ഈ പദ്ധതി പ്രകാരം 7219 വീടുകൾക്ക് (പൊതു വിഭാഗം -5484, SC -1731, ST ആശ്രയ -4) സർക്കാർ സബ്സിഡി അനുവദിച്ചു. ഇവയിൽ 1453 വീടുകൾ പൂർത്തിയാക്കുകയും 3066 വീടുകളുടെ പുനർ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. **സുരക്ഷാ ഭവന പദ്ധതി**

ദുർബ്ബല വിഭാഗത്തിൽപ്പെട്ട 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള വീടില്ലാത്ത പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/കാരുണ്യവാന്മാരും ദാനശീലരുമായ വ്യക്തികൾ/ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വീടു നിർമ്മിക്കുന്നതിന് 25,000/- രൂപ സർക്കാർ സബ്സിഡിയായി നല്കുന്ന പദ്ധതിയാണിത്. 30 എം.2-50എം.2 വരെ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണ ചെലവ് 1 ലക്ഷം രൂപയാണ് കണക്കാക്കിയിരിക്കുന്നത്. സ്പോൺസറുടെ സഹായത്തോടെ വീടു നിർമ്മാണം ക്യുമട്ടമാകുമ്പോഴാണ് സർക്കാർ സബ്സിഡി 25000/- രൂപ നല്കുന്നത്

25.03.2010 വരെ 2537 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 3,66,57,000/- രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

3. **സുനാമി പുനരധിവാസ പദ്ധതി**

കേരള സർക്കാരിന്റെ 23.11.2007 ലെ G.O (RT) 4698/2007/DMD നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയമിച്ചു. ഇതനുസരിച്ച് 1204 വീടുകൾ ബോർഡ് നേരിട്ട് നിർ

ആണം നടത്തുന്നതിനും മറ്റ് സ്ഥലങ്ങളിലെ നിർമ്മാണം വിവിധ സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളത് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എന്നീ ജില്ലകളിലെയും തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിലുള്ള വീടുകളുടെ നിർമ്മാണവുമാണ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് 2010 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ തിരുവനന്തപുരത്ത് മറ്റ് സ്ഥലങ്ങളിലും കൊല്ലം, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലുമായി മറ്റ് ഏജൻസികൾ നടപ്പിലാക്കാതെ വന്ന 1178 വീടുകളുടെ നിർമ്മാണവും ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

4. <u>ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം.</u>

നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗര വികസന പ്രവർത്തനങ്ങളുടെ ഫലമായി നഗരാതിർത്തിക്കു പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി രാത്രി കാലങ്ങളിൽ താമസിക്കുന്നതിന് നിർബന്ധിതരാകുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് നഗരാതിർത്തിയിൽ തന്നെ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. 2008- 2009 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബോർഡിന് അനുവദിച്ച 250 ലക്ഷം രൂപ വിനിയോഗിച്ച് എറണാകുളത്തെ തൃക്കാക്കരയിൽ 36 ഫ്ലാറ്റുകളും തിരുവനന്തപുരത്ത് പൂജപ്പുരയിൽ 16 ഫ്ലാറ്റുകളുമാണ് നിർമ്മിക്കുന്നത്.

5. <u>പട്ടിക ജാതിക്കാർക്കുള്ള പദ്ധതി</u>

06.03.2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഭവന നിർമ്മാണ ബോർഡിനെ ഏല്പിച്ച പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതിയിൽ 1812 വീടുകളുടെ നിർമ്മാണം തുടങ്ങുകയും, 1656 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

6. <u>പട്ടിക വർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി</u>

2006-07 കാലഘട്ടത്തിൽ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുവേണ്ടി വയനാടിലെ സുൽത്താൻ ബത്തേരി താലൂക്കിൽ ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത 270 വീടുകളും പൂർത്തീകരിച്ച് ട്രൈബൽ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **611** **30.03.2010 - ൽ** മറുപടിക്ക്

ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ നടന്നുവരുന്ന പരിശീലന പരിപാടികൾ എന്തെല്ലാമെന്നു വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ഇപ്പോൾ ഹഡ്കോ, ഭവനനിർമ്മാണ ബോർഡിലെ ഉദ്യോഗസ്ഥർ, വിവിധ എഞ്ചിനീയറിംഗ് കോളേജിലെ അവസാന വർഷ സാങ്കേതിക വിദ്യാർത്ഥികൾ (സിവിൽ, ആർക്കിടെക്ച്ചർ) എന്നിവർക്ക് കെട്ടിട നിർമ്മാണ മേഖലയിൽ ചെലവ് ചുരുങ്ങിയ സാങ്കേതിക വിദ്യയിലും നടത്തിപ്പിലും പരിശീലനം നൽകി വരുന്നു.<br>കൂടാതെ നിർമ്മിതിയിലെ ജീവനക്കാർക്കും അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടിയും നടത്തിവരുന്നു. |
| (ബി) ചെലവു കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഇല്ല.<br><br>ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി | (സി) | സുസ്ഥിര പാർപ്പിട വികസനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ |

എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ളിലെ ജനപ്രതിനിധികൾ, സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവർക്ക് ഹ്രസ്വകാല പരിശീലനം, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് (സിവിൽ, ആർക്കിടെക്ച്ചർ) ഏകദിന ശില്പശാല, ഹ്രസ്വകാല പരിശീലനം, ഫിനിഷിംഗ് സ്കൂൾ എന്നീ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്.

ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജററിൽ തുക അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 612    30 - 03 - 2010 ൽ മറുപടിക്ക്

## ഗൾഫ് രാജ്യങ്ങളിലെ ജയിലിലുള്ള മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. കെ. ടി. ജലീൽ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. പി. ടി. എ. റഹീം : | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികളുണ്ടെന്ന് വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) ഇവരിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ആരെങ്കിലും ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (എ & ബി ) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (സി) ജയിലിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകാൻ നോർക്ക എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) വിദേശത്ത് ജയിലിൽ കഴിയുന്ന മലയാളികളുടെ കുടുംബാംഗങ്ങളോ മറ്റോ അവരുടെ മോചനത്തിനായി അപേക്ഷ നൽകുമ്പോൾ എംബസിയുമായി ബന്ധപ്പെട്ട് അവർക്ക് നിയമ സഹായം ഉറപ്പുവരുത്താൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്. |

| | |
|---|---|
| (ഡി)തൊഴിൽ വിസ ഇല്ലാതെ ജോലി ചെയ്തതിന്റെ പേരിൽ നിരവധി പേർ ജയിൽവാസം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശരാജ്യങ്ങളിൽ ജയിൽ വാസം അനുഭവിക്കുന്നവരിൽ കുറച്ചുപേർ തൊഴിൽ വിസ ഇല്ലാതെ ജോലി ചെയ്തതിന്റെ പേരിൽ ജയിൽ വാസം അനുഭവിക്കുന്നവരാണ്. |
| (ഇ) എങ്കിൽ ഇവരെ മോചിപ്പിക്കുന്നതിന് അധികൃതരുമായി ചർച്ച നടത്തുമോ; | (ഇ) ഓരോ രാജ്യത്തെ ജയിലിലുള്ള മലയാളികളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ നേരിട്ട് ചർച്ച നടത്തുന്നത് പ്രായോഗികമല്ല. എന്നാൽ ഇവരുടെ മോചനത്തിന് ശ്രമിക്കാനും അവർക്ക് തിരികെ നാട്ടിലെത്തുന്നതിനുള്ള യാത്രാ രേഖകൾ നൽകാനും അതാത് ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാറുണ്ട്. |
| (എഫ്) വിസതട്ടിപ്പിന് ഇരയാവാതിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) വിസ തട്ടിപ്പിനിരയാവാതിരിക്കാനും, വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിലേയ്ക്കുമായി വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കായി നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ വിദേശ തൊഴിൽകാംക്ഷികൾക്കായുള്ള ശിൽപശാലകൾ എന്ന പേരിൽ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 613 — 30.03.2010-ൽ മറുപടിയ്ക്ക്

### വനങ്ങളെ പരിപോഷിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. ദേശീയ വനനയത്തിന്റെ ഭാഗമായി വനങ്ങളെ പരിപോഷിപ്പിക്കുന്നതിന് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ. ദേശീയ വനനയത്തിന്റെ ഭാഗമായി വനങ്ങളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി പത്താം പഞ്ചവത്സരപദ്ധതിയിൽ 100 % കേന്ദ്രാവിഷ്കൃത പദ്ധതിയായി ദേശീയ വനവൽക്കരണ പരിപാടി സംസ്ഥാനത്ത് ആരംഭിച്ചു നടപ്പിലാക്കി വരുന്നു. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ചും പ്രക്ഷീണ വനങ്ങളുടെ പുനരുദ്ധാനം നടന്നു വരുന്നുണ്ട്. വൃക്ഷത്തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും നടപ്പിലാക്കി വരുന്നു. |
| ബി. ശുഷ്ക്കവനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | ബി. ശുഷ്ക്കവനങ്ങൾ പരിപോഷിപ്പിക്കുന്നതിന് ദേശീയ വനവൽക്കരണ പരിപാടിയിൽ കേന്ദ്ര സർക്കാർ 2002-03 മുതൽ ഇതുവരെ 45.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി. ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; | സി 438 വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ഇതിന്റെ മേൽനോട്ടം ഇവയുടെ ഡിവിഷൻ തലത്തിലുള്ള 27 വനവികാസ ഏജൻസികൾക്കാണ്. |

ഡി. എത്ര ഹെക്ടർ വനപ്രദേശങ്ങൾ പദ്ധതിമൂലം പരിപോഷിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

ഡി. 2009-10 അവസാനംവരെ 28193.02 ഹെക്ടർ വനപ്രദേശങ്ങൾ ഈ പരിപാടിയിലൂടെ പരിപോഷിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ഇ. വനമേഖലയിൽ പണിയെടുക്കുന്നവർക്കുള്ള കൂലി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഇ. വനമേഖലയിൽ സാധാരണ ജോലി ചെയ്യുന്നവർക്ക് 155 രൂപയായും, സെമി സ്കിൽഡ് ജോലിക്കാർക്ക് 160 രൂപയായും, സ്കിൽഡ് ജോലിക്കാർക്ക് 175 രൂപയായും, ഹൈലി സ്കിൽഡ് ജോലിക്കാർക്ക് 190 രൂപയായും അടിസ്ഥാനവേതനം വർദ്ധിപ്പിച്ചുകൊണ്ട് ജി.ഒ. (എം.എസ്.) 7 / 07 വനംവന്യജീവി തീയതി 24.02.2007 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അടിസ്ഥാനവേതനത്തിനുപുറമേ വേരിയബിൾ ഡിയർനസ്സ് അലവൻസുകൂടി ജോലിക്കാർക്ക് നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 614 — 30.3.2010-ൽ മറുപടിയ്ക്ക്

**ലേബർ ബ്യൂറോ ഓഫ് ഇന്ത്യയുടെ ഉപഭോക്തൃ വില സൂചിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത്<br>ശ്രീ.എൻ.രാജൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം തടയാൻ സംസ്ഥാനം നടത്തിയ ഇടപെടലുകൾ ഫലപ്രദമാണെന്ന് ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിച്ച ഉപഭോക്തൃ വില സൂചിക വ്യക്തമാക്കുന്നുണ്ടോ; | (എ) വിലക്കയറ്റം തടയാൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ ഫലപ്രദമാണെന്ന് ലേബർ ബ്യൂറോ ഓഫ് ഇന്ത്യയുടെ 2009 ഡിസംബർ, ജനുവരി മാസങ്ങളിലെ ഉപഭോക്തൃ സൂചിക വ്യക്തമാക്കുന്നുണ്ട്. |
| (ബി) 2010 ജനുവരിയിൽ പ്രസിദ്ധീകരിച്ച വില സൂചികയിൽ ദേശീയ ശരാശരിയേക്കാൾ എത്ര പോയിന്റ് കുറവാണ് കേരളത്തിന്റേതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ;<br><br>(സി) പ്രസ്തുത സൂചികയിൽ ദേശീയ ശരാശരി എത്രയെന്നും കേരളത്തിലെ വില സൂചിക എത്രയെന്നുമുള്ള വിശദാംശം നൽകുമോ ? | (ബി) യും (സി) യും . 2010 ജനുവരിയിലെ ലേബർ ബ്യൂറോ ഓഫ് ഇന്ത്യയുടെ ഉപഭോക്തൃ വില സൂചിക പ്രകാരം വിവിധ വിഭാഗങ്ങളിലെ ദേശീയ ശരാശരി വില സൂചികയും കേരളത്തിന്റെ വില സൂചികയും താഴെ കൊടുക്കുന്നു. |

| വിഭാഗം | ദേശീയ ശരാശരി | കേരളത്തിന്റേത് | വ്യത്യാസം |
|---|---|---|---|
| ഇൻഡസ്ട്രിയൽ വർക്കേഴ്സ് | 172 | 166.3 | -5.7 |
| അഗ്രികൾച്ചറൽ ലേബേഴ്സ് | 542 | 506 | -36 |
| റൂറൽ ലേബേഴ്സ് | 541 | 512 | -29 |

2010 ജനുവരിയിലെ ലേബർ ബ്യൂറോ ഓഫ് ഇന്ത്യയുടെ ഉപഭോക്തൃ വില സൂചിക പ്രകാരം വിലക്കയറ്റം ദേശീയ ശരാശരി അഗ്രികൾച്ചറൽ ലേബേഴ്സിന്റേത് 542 ഉം റൂറൽ ലേബേഴ്സിന്റേത് 541 ഉം ആണ്. എന്നാൽ കേരളത്തിന്റേത് യഥാക്രമം 506 ഉം 512 ഉം ആണ്.

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 615** 30-03-2010 - **ൽ മറുപടിക്ക്**

## സർക്കാർ ഓഫീസ് നടപടിക്രമങ്ങളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോർജ് എം. തോമസ് :**<br>**ശ്രീമതി. പി. അയിഷാ പോറ്റി:**<br>**ശ്രീ. കെ. കെ. ദിവാകരൻ:**<br>**ശ്രീമതി. കെ. കെ. ലതിക:**<br>**ശ്രീ. മുരളി പെരുനെല്ലി:** | **ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**മുഖ്യമന്ത്രി** |
| (എ) സർക്കാരിന്റെ ആഫീസ് നടപടിക്രമങ്ങൾ പലതും ജനങ്ങൾക്ക് യഥാസമയം കാര്യങ്ങൾ നടപ്പാക്കി കിട്ടുന്നതിനും സേവനങ്ങൾ ലഭിക്കുന്നതിനും കാലതാമസമുണ്ടാക്കുന്നവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) സർക്കാരിന്റെ ആഫീസ് നടപടി ക്രമങ്ങൾ അധികവും ദീർഘകാലമായി നിലനിന്നുവരുന്നവയാണ്. അവയിൽ പലതും പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നതിനു തടസ്സമുണ്ടാക്കുന്നവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല വകുപ്പുകളിലും നിലവിലുള്ള നടപടിക്രമങ്ങളുടെ ബാഹുല്യവും സങ്കീർണതകളുമാണ് യഥാസമയം കാര്യങ്ങൾ നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഓഫീസ് നടപടിക്രമങ്ങൾ ഓരോ വകുപ്പിന്റേയും പ്രത്യേകതകൾ കണക്കിലെടുത്ത് ലഘൂകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ വർക്ക് സ്റ്റഡി ടീമുകൾ ഒട്ടുമിക്ക വകുപ്പുകളിലും നിലവിലുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമായ ശുപാർശകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. നിലവിലുള്ള ആക്ടുകളിലും കോഡുകളിലും ആവശ്യമായ ഭേദഗ |

| | | | |
|---|---|---|---|
| | | | തികൾ വരുത്തി അവ ഭരണഭാഷയിൽ പ്രസിദ്ധീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പല വകുപ്പുകളിലും കാര്യങ്ങൾ നടപ്പാക്കുന്നതിന് അനുഭവപ്പെടുന്ന കാലതാമസം അധികാര വികേന്ദ്രീകരണത്തിലൂടെയും കമ്പ്യൂട്ടർവൽക്കരണത്തിലൂടെയും ഒരു പരിധി വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സർക്കാർ ആഫീസുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായി വരുന്ന സാഹചര്യത്തിൽ ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ ആഫീസ് നടപടികൾ നവീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ ഓഫീസ് നടപടികൾ നവീകരിക്കുന്നതിന് സർക്കാർ ഇതിനകം തന്നെ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫയൽ ട്രാക്കിങ് സംവിധാനമായ IDEAS, കടലാസ് രഹിത ഓഫീസ് പ്രവർത്തനത്തിനായുള്ള MESSAGE/DDFS, എല്ലാ സർക്കാർ ഉദ്യോഗസ്ഥരുടെയും സർവ്വീസ് വിവരങ്ങൾ അടങ്ങുന്ന SPARK, E- PROCUREMENT എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഓരോ വകുപ്പും അവർക്ക് അനുയോജ്യമായതും പൊതുജനോപകാരപ്രദവുമായ രീതിയിലുള്ള വിവിധ Application Software കൾ വികസിപ്പിച്ച് നടപ്പിലാക്കി വരുന്നു. (ഉദാ: Treasury Information System, Plan Monitoring System മുതലായവ)<br>എല്ലാ വകുപ്പുകളിലും വെബ്സൈറ്റുകൾ തുടങ്ങുവാൻ നിർദ്ദേശിച്ചു. ഒഫീഷ്യൽ e-mail system വഴി സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പു |

കളും **online service** ലഭ്യമാക്കുന്നതിന്റെ ഭാഗമായി **State Service Delivery Gateway (SSDG)** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ പൊതുജനങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും സേവനങ്ങൾ ലഭ്യമാകുന്നതിനാവശ്യമായ **Application Forms, Download** ചെയ്യാൻ സാധിക്കും.

എല്ലാ ജില്ലകളിലും ഫ്രണ്ട്സ് കേന്ദ്രങ്ങൾ സ്ഥാപിച്ചത് വഴി പൊതുജനങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളുടെ സേവനം കൂടുതൽ സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കാൻ കഴിയുന്നതാണ്.

ഏകദേശം 2200 അക്ഷയകേന്ദ്രങ്ങൾ വഴി സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് അവരുടെ താമസ സ്ഥലത്തിനടുത്ത് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൊബൈൽ ഗവേർണൻസ് (M-Gov) പദ്ധതിപ്രകാരം സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ മൊബൈൽ ഫോൺ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുജനങ്ങളുടെ പരാതികൾ സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ കൈകാര്യം ചെയ്യാൻ സുതാര്യകേരളം പദ്ധതി തുടങ്ങിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **616** **30.03.2010** - ൽ മറുപടിക്ക്

<u>നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിട നിർമ്മാണ തൊഴിലുകളിൽ പരിശീലനം</u>

<u>ചോദ്യം</u>

ശ്രീ. പി.ജയരാജൻ
ശ്രീ. ബി. രാഘവൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. എ.എം.യൂസഫ്
ശ്രീ. ടി.പി.കുഞ്ഞുണ്ണി

(എ) നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിട നിർമ്മാണ തൊഴിലുകളിൽ സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കും പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

<u>ഉത്തരം</u>

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഉണ്ട്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണത്തിലും അനുബന്ധ മേഖലകളിലുമായി 2007 മുതൽ 150 വിവിധ പരിശീലനങ്ങൾ സംഘടിപ്പിച്ചു. അതിൽ 2007-08 കാലയളവിൽ 480 സ്ത്രീകൾക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 207 പേർക്കും, 2008-09 കാലയളവിൽ 571 സ്ത്രീകൾക്കും, 287 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കും, 2009-2010 കാലയളവിൽ 461 സ്ത്രീകൾക്കും, 181 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പരിശീലനം നൽകുകയുണ്ടായി. കൂടാതെ പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ച് 2008-09 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 189 പേർക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകി.

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തേയും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളേയും ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രവും, ജില്ലാ നിർമ്മിതികേന്ദ്രങ്ങളും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന വെവ്വേറെയുള്ള സ്വയം ഭരണ സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ഒരേ മേഖലയിലാണെങ്കിലും ഓരോന്നും സ്വതന്ത്രമായി പ്രവർത്തിച്ചു വരികയാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന പദ്ധതികൾ നടത്തി വരുന്നു.

1. 'കലവറ' ന്യായവില കേന്ദ്രങ്ങൾ സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ സംയുക്ത സംരംഭമായി 9 ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

2. ജില്ലാനിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാനായി ജീവനക്കാർക്ക് പരിശീലനം സംസ്ഥാന നിർമ്മിതി കേന്ദ്രം നൽകി വരുന്നു.

3. ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കഴിഞ്ഞ രണ്ടു വർഷമായി ലോക പാർപ്പിട ദിനത്തോടനുബന്ധിച്ച് അവാർഡ് നൽകിവരുന്നു.

4. കെട്ടിട നിർമ്മാണ പരിശീലന പദ്ധതി ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയും നടത്തിവരുന്നു.

5. നിർമ്മിതി കേന്ദ്രങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു പൊതു മാർഗ്ഗരേഖ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ജയിലുകളിലെ ദീർഘകാല തടവുകാർക്ക് നിർമ്മിതി കേന്ദ്രം നിർമ്മാണ തൊഴിലിൽ പരിശീലനം നൽകുമോ?

(സി) പരിശീലനം നൽകിവരുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ മൂന്നു പരിശീലനങ്ങളും, കണ്ണൂർ സെൻട്രൽ ജയിലിൽ

രണ്ടു പരിശീലനങ്ങളും, കോഴിക്കോട് ജയിലിൽ ഒരു പരിശീലനവും പൂർത്തീകരിച്ചു. നിലവിൽ ഒരു പരിശീലനം തിരുവനന്തപുരം സെൻട്രൽ ജയിലിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 617

30-03-2010 -ൽ മറുപടിയ്ക്ക്

പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.സദാശിവൻ :<br>ശ്രീ. എ.സി.മൊയ്തീൻ :<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ :<br>ശ്രീ. കെ.കെ.ദിവാകരൻ :<br>ശ്രീ. ബി.ഡി.ദേവസ്സി : | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) പെട്രോൾ പമ്പുകളിലെ അളവു വെട്ടിപ്പും മായംചേർക്കലും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) പെട്രോൾ പമ്പുകളിലെ അളവുവെട്ടിപ്പും മായംചേർക്കലും തടയുന്നതിനായി ഓയിൽ കമ്പനികളിലെ ഉദ്യോഗസ്ഥർ പെട്രോൾ പമ്പുകളിൽ ഇടയ്ക്കിടെ വിതരണം സംബന്ധിച്ച പരിശോധനയും (Delivery Check), സാന്ദ്രതാ പരിശോധനയും (Density Verification), സാമ്പിളുകൾ ശേഖരിച്ചു നടത്തുന്ന ക്ലിനിക്കൽ പരിശോധനയും നടത്തി വരുന്നു. വിതരണം സംബന്ധിച്ച പരിശോധന അളവുവെട്ടിപ്പും, സാന്ദ്രതാ പരിശോധന, ക്ലിനിക്കൽ പരിശോധന എന്നിവ മായം ചേർക്കൽ കണ്ടെത്തുന്നതിനും സഹായിക്കുന്നു. കൂടാതെ ഓയിൽ കമ്പനികളിലെ സീനിയർ ഉദ്യോഗസ്ഥർ അടങ്ങുന്ന മായം ചേർക്കൽ തടയുന്നതിനുള്ള സെൽ (Anti-Adulteration Cell) മിന്നൽ പരിശോധനകളും നടത്തി വരുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ലീഗൽ മെട്രോളജി വകുപ്പ് പമ്പുകളിലെ വിതരണ ഉപകരണം |

പരിശോധിച്ച് കൃത്യതയുടെ മുദ്ര പതിപ്പിച്ച് നൽകുകയും അളവു വെട്ടിപ്പ് തടയുന്നതിനായി സാധാരണ പരിശോധനകളും മിന്നൽ പരിശോധനകളും നടത്തുകയും കുറ്റക്കാർക്കെതിരെ കേസുകൾ കണ്ടെത്തുകയും ചെയ്തു വരുന്നു. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പ്, ലീഗൽ മെട്രോളജി, ഗതാഗത വകുപ്പ്, പോലീസ് വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന കളക്ടറുടെ പ്രത്യേക സ്ക്വാഡും നിരന്തരം പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

| | |
|---|---|
| (ബി) ഇതിനായി പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയോഗിക്കുമോ ; | (ബി) ഓയിൽ കമ്പനികളിലെ ഫീൽഡ് ഓഫീസർമാരും ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ പരിശീലനം നേടിയിട്ടുള്ളവരാണ്. |
| (സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര പെട്രോൾ പമ്പുകൾ നടത്തുന്നുണ്ട് ; | (സി) 13 പെട്രോൾ പമ്പുകൾ നടത്തുന്നുണ്ട്. |
| (ഡി) കോർപ്പറേഷന്റെ കീഴിൽ കൂടുതൽ പെട്രോൾ പമ്പുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഓയിൽ കമ്പനികൾ പെട്രോൾ പമ്പുകൾ തുടങ്ങുവാൻ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ, അനുയോജ്യമെന്നുകണ്ടാൽ, പുതിയ പെട്രോൾ പമ്പുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 618 | 30/03/2010 ൽ മറുപടിയ്ക്ക്

പി.എസ്.സി. സർട്ടിഫിക്കറ്റ് പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ :<br>ശ്രീമതി . കെ. കെ. ശൈലജ ടീച്ചർ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. വി. എൻ. വാസവൻ :<br>ശ്രീ. പി. വിശ്വൻ : | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) റാങ്ക് പട്ടിക തയ്യാറാക്കുന്നതിനുമുൻപുള്ള സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് ഉദ്യോഗാർത്ഥികൾ നേരിട്ട് ഹാജരാകണമെന്ന പബ്ലിക് സർവ്വീസ് കമ്മീഷന്റെ വ്യവസ്ഥ ഒരു വിഭാഗം ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ പി. എസ്. സി. സ്വീകരിച്ചിട്ടുണ്ടോ ; | ബി) പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാട്ടി വെരിഫിക്കേഷന് ഹാജരാകുന്നതിന് സമയം ആവശ്യപ്പെടുന്നവർക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കു ന്നതിന് മുൻപ് അവസരം നൽകാറുണ്ട്. |
| സി) സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് സംസ്ഥാനത്തിന് പുറത്തും വിദേശത്തും ഉള്ളവർക്കും യാത്ര ചെയ്യാൻ കഴിയാത്തവർക്കും നേരിട്ട് ഹാജരാകണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകുന്നുണ്ടോ ; | സി) ഒരു തസ്തികയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സാധ്യതാ ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ പി. എസ്. സി. ഓഫീസിൽ സർട്ടിഫിക്കറ്റുമായി നേരിട്ട് ഹാജരാകണ മെന്ന വ്യവസ്ഥയിൽ സംസ്ഥാനത്തിനു പുറത്തും വിദേശത്തും ഉള്ളവർക്കും യാത്ര ചെയ്യാൻ കഴിയാത്തവർക്കും ഉൾപ്പെടെ ആർക്കും തന്നെ ഇളവ് നൽകിയിട്ടില്ല. എന്നാൽ പരിശോധന യ്ക്ക് ഹാജരാകുന്നതിന് ഒന്നിൽ കൂടുതൽ അവസരം നൽകുന്നുണ്ട്. വിശ്വാസയോഗ്യ മായ കാരണങ്ങൾ ചൂണ്ടിക്കാട്ടി വെരിഫിക്കേഷന് ഹാജരാകുന്നതിന് വേറൊരു ദിവസം ആവശ്യപ്പെടുന്നവർക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് മുൻപ് ഇതിനായി അവസരം നൽകു ന്നുണ്ട്. |

| | |
|---|---|
| ഡി) സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് നേരിട്ട് ഹാജരാവാൻ കഴിയാത്തവർ കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | ഡി) ഉണ്ട്. സർട്ടിഫിക്കറ്റ് പരിശോധയ്ക്ക് നിശ്ചിത സമയത്ത് ഹാജരാകാൻ കഴിയാതെ റാങ്ക് പട്ടികയിൽ ഉൾപ്പെടാതെ പോയ ചില ഉദ്യോഗാർത്ഥികൾ ബഹു: മാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജികളിൽ സമ്പാദിച്ച ഉത്തരവു പ്രകാരം സർട്ടിഫിക്കറ്റ് പുനഃപരിശോധനയ്ക്ക് ഹാജരാവുകയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു. |

| ക്രമ നമ്പർ | റിട്ട് ഹർജി നമ്പർ | ഹർജിക്കാരന്റെ പേര് | തസ്തിക | ജില്ല | ഉത്തരവിന്റെ തീയതി |
|---|---|---|---|---|---|
| 1 | 3402/09 | ഷീബാമോൾ . വി. എച്ച് | LDC | കോട്ടയം | 11/02/2009 |
| 2 | 12914/09 | സൗമ്യശേഖർ | LDC | ഇടുക്കി | 14/08/2009 |
| 3 | 5376/09 | രശ്മി . വി. എൻ | ഫാർമസിസ്റ്റ് | ഇടുക്കി | 08/03/2010 |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 619 — 30.03.2010 ൽ മറുപടിയ്ക്ക്

## പി.എസ്.സി. എൻക്വയറി വിഭാഗം നവീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) |
| (എ) പി.എസ്.സി. എൻക്വയറി വിഭാഗം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) പി.എസ്.സി. എൻക്വയറി വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾക്ക് കൃത്യവും സമ്പൂർണ്ണവുമായ വിവരം നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സി. ആസ്ഥാന ഓഫീസിലെ എൻക്വയറി വിഭാഗം രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ (അവധി ദിവസങ്ങളൊഴികെ) പ്രവർത്തിച്ചു വരുന്നു. M – ഗവേർണൻസിലൂടെ രജിസ്റ്റർ ചെയ്ത 10000 (പതിനായിരം) ഉദ്യോഗാർത്ഥികൾക്ക് Mobile അലേർട്ട് സംവിധാനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) എൻക്വയറി വിഭാഗത്തിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത് ; | (ബി) സെലക്ഷനുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ ഉന്നയിക്കുന്ന സംശയങ്ങൾ / അന്വേഷണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ വിജ്ഞാപനങ്ങൾ, റാങ്ക് ലിസ്റ്റുകൾ, ഷോർട്ട് ലിസ്റ്റുകൾ, സാധ്യതാ ലിസ്റ്റുകൾ എന്നിവ, ഓരോ തസ്തികയുടേയും നിയമനനില, ഒഴിവുകൾ സംബന്ധിച്ച വിവരം, പരീക്ഷാ തീയതി, ഇന്റർവ്യൂ തീയതി, പരീക്ഷയുടെ സിലബസ്, Medium |

| | | | |
|---|---|---|---|
| | | | of Questions, ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റ് നല്കുന്നത് സംബന്ധിച്ച വിവരം തുടങ്ങിയവ പി.എസ്.സി. എൻക്വയറി വിഭാഗത്തിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നു. |
| (സി) | പി.എസ്.സി. പരീക്ഷകൾ ഇന്റർവ്യൂകൾ, റാങ്ക് ലിസ്റ്റുകൾ, ഷോർട്ട് ലിസ്റ്റുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | പി.എസ്.സി. പരീക്ഷകൾ, ഇന്റർവ്യൂകൾ, റാങ്ക് ലിസ്റ്റുകൾ, ഷോർട്ട് ലിസ്റ്റുകൾ, തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ തീരുമാനിച്ച് ഉത്തരവായി ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ പി.എസ്.സി. വെബ്സൈറ്റിലൂടെയും പി.എസ്.സി. ഓഫീസുകളിലെ അന്വേഷണ വിഭാഗങ്ങളിലൂടെയും സിറ്റിസൺ കോൾ സെന്ററിലൂടെയും ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | പി.എസ്.സി. ബുള്ളറ്റിൻ ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പി.എസ്.സി. ബുള്ളറ്റിൻ കാലോചിതമായി പരിഷ്ക്കരിച്ച് കൂടുതൽ ആകർഷകമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *620

30-03-2010-ൽ
മറുപടിക്ക്

## ബ്രഹ്മോസ് എയ്റോ സ്പെയ്സിൻെറ രണ്ടാം ഘട്ട വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>" തേറമ്പിൽ രാമകൃഷ്ണൻ:<br>" ജോർജ് മേഴ്സിയർ: | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ബ്രഹ്മോസ് എയ്റോ സ്പെയ്സിൻെറ രണ്ടാം ഘട്ട വികസനത്തിന് എത്ര ഏക്കർ സ്ഥലമാണ് വേണ്ടത് ; | (എ) ഏകദേശം 6 മുതൽ 8 ഏക്കർ വരെ സ്ഥലം ആവശ്യമാണ്. |
| (ബി) സ്ഥലത്തിനുവേണ്ടി ഈ സ്ഥാപനം എത്ര കാലമായി കത്തിടപാടുകൾ നടത്തുന്നു ;<br><br>(സി) പകരം സ്ഥലം ലഭ്യമാക്കിയാൽ വ്യോമസേനയുടെ ക്വാർട്ടേഴ്സ് പണിയുവാനുള്ള സ്ഥലം നൽകാമെന്ന് ഓഫർ ഉണ്ടായിട്ടുണ്ടോ ; | (ബി) 2008 മുതൽ കത്തിടപാടുകൾ നടത്തി വരുന്നു.<br><br>(സി) ഉണ്ട്. |

| | |
|---|---|
| (ഡി) ബ്രഹ്മോസിന്റെ രണ്ടാം ഘട്ടത്തിനുള്ള തടസ്സം എന്താണ് ; | (ഡി) ബ്രഹ്മോസിനു സമീപമുള്ള സ്ഥലം ഇപ്പോൾ ഇൻഡ്യൻ എയർഫോഴ്സിന്റെ കൈവശമാണ്. അവർക്ക് മാറുന്നതിനുള്ള സ്ഥലം ലഭിച്ചാൽ മാത്രമേ ആ സ്ഥലം ഒഴിഞ്ഞുകിട്ടുകയുള്ളൂ. സർക്കാർ ഇതിലേക്കായി മറ്റൊരു സ്ഥലം കണ്ടെത്തി ഇൻഡ്യൻ എയർഫോഴ്സ് അധികൃതർക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |
| (ഇ) അതിന് ഈ വർഷം അവസാനത്തോടെ സ്ഥലം നൽകാത്ത പക്ഷം ബ്രഹ്മോസ് രണ്ടാം ഘട്ടം സംസ്ഥാനത്തിന് നഷ്ടപ്പെടുമോ യെന്ന് വ്യക്തമാക്കുമോ? | (ഇ) വികസന പ്രവർത്തനത്തിനായി ഡി.ആർ.ഡി.ഒ. (Defence Research and Development Organization) 50 കോടി രൂപ നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടവികസനത്തിനായി ഇതിന്റെ സമീപത്തായുള്ള ഇൻഡ്യൻ എയർഫോഴ്സിന്റെ സ്ഥലം ബ്രഹ്മോസിന് കൈമാറുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ

## 12-ാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 621

30-03-2010-ന് മറുപടി നൽകേണ്ടത്.

### 'മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പു തലവന്മാരുടെ യോഗം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എ. സി. മൊയ്തീൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എം. എം. മോനായി | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉണ്ടാക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പു തലവന്മാരുടെ യോഗം ചേരാറുണ്ടോ;<br>(ബി). സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ യോഗങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>ഉണ്ട് |
| (സി). ഈ സർക്കാർ വന്നശേഷം ഇത്തരം എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; | (സി). നാല് |
| (ഡി). ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി). ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 622 — 30-03-2010 - ൽ മറുപടിക്ക്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ശക്തിപ്പെടുത്തുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ പുതിയ എക്സിക്യൂട്ടീവ് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുകയും ഇത് എക്സിക്യൂട്ടീവ് ട്രെയിനിംഗ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനും തുടങ്ങിയിട്ടുണ്ട്. പ്രാധാന്യമേറിയ e-Governance, Service Delivery, Gender, Secretarial Programmes, Right to Information Programmes എന്നീ അഞ്ച് മേഖലകളിൽ കൂടുതൽ പ്രാഗൽഭ്യം കേന്ദ്രീകരിക്കുവാൻ ശ്രമം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഐ.എം.ജിയിൽ സെക്രട്ടേറിയറ്റ് ട്രെയിനിംഗ് സെന്ററും, RTI Knowledge Centre ഉം സ്ഥാപിച്ചിട്ടുണ്ട്. കാലിക പ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റി നിരവധി പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. പല രംഗങ്ങളിലും പ്രാവീണ്യമുള്ളവരെ ക്ഷണിച്ച് പ്രഭാഷണ പരമ്പര ഐ.എം.ജിയിൽ സംഘടിപ്പിച്ചുവരുന്നു. ഐ.എം.ജിയ്ക്ക് പ്രാഗൽഭ്യമില്ലാത്ത മേഖലകളിൽ ദേശീയ തലത്തിലുള്ള പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടത്തുവാൻ നടപടികളെടുത്തുവരുന്നു. ഇതിന്റെ ഭാഗമായി National Institute of Financial Management മായി ധാരണാപത്രം ഒപ്പു |

വച്ചു. CDAC, DOEACC എന്നിവയുമായി ചർച്ച നടന്നുവരുന്നു. ഐ.എം.ജി യിലെ പരിശീലന പരിപാടികളുടെ വിവരങ്ങൾ ഉപ ഭോക്താക്കൾക്ക് സൗകര്യപ്രദമായി ലഭ്യമാകുന്നതിന് Citizen Call Centre, ഇമെയിൽ, SMS എന്നിവ വഴി വിവരങ്ങൾ നൽകുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് Distance Training ഐ.എം.ജി..യിൽ പരീക്ഷണാർത്ഥം തുടങ്ങി. വിജയകരമായി കണ്ടതിനാൽ കൂടുതൽ വ്യാപിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുവരുന്നു

ഐ.എം.ജിയിൽ ഒരു ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുകയും ഉദ്ദേശം 1000 രാജ്യാന്തര Journal database EBSCO വഴി നൽകുകയും ചെയ്തിട്ടുണ്ട്. IIITMK യുമായി സഹകരിച്ചുകൊണ്ട് ഒരു വർഷം നീണ്ടുനിൽക്കുന്ന PG Diploma Programme in e-Governance 2009 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഐ.എം.ജി.യിൽ നടപ്പുവർഷം പുതുതായി നടപ്പാക്കിയ പരിശീലന പരിപാടികൾ എന്തെല്ലാമാണ്;

(ബി) നടപ്പുവർഷം പുതുതായി സർവ്വീസിൽ പ്രവേശിപ്പിച്ച അസിസ്റ്റന്റ്- ക്ലർക്ക് തസ്തികകളിലെ ജീവനക്കാർക്കായി ന്യൂ ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാം, സൈബർ സെക്യൂരിറ്റി അവബോധനത്തിനുള്ള പരിശീലനങ്ങൾ, മിനിട്സ് റൈറ്റിംഗ് പരിശീലനത്തിനുള്ള പ്രോഗ്രാമുകൾ, വിവരാവകാശനിയമവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ ദേശീയവും അന്തർദേശീയവുമായ വിഷയങ്ങളെ കുറിച്ചുള്ള ലെക്ച്ചർ സീരിസ് എന്നിവയാണ് പുതുതായി ഉൾപ്പെടുത്തി നടപ്പിലാക്കിയ പരിശീലന പദ്ധതികൾ.

| | | | |
|---|---|---|---|
| (സി) | അടുത്ത വർഷത്തേയ്ക്ക് പുതിയ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | വിവിധ വകുപ്പുകളുടെ പരിശീലനാവശ്യത്തെ സംബന്ധിച്ച് ചർച്ചകൾ നടത്തിയതിന്റെ ഫലമായി Department Specific ആയിട്ടുള്ള പുതിയ പ്രോഗ്രാമുകൾ 2010-11 വർഷത്തെ കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഐ.എം.ജി. യിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | ഐ.എം.ജിയിലെ പരിശീലകർക്ക് പരിശീലനം കൊടുക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതികൾക്കനുസരിച്ച് പുതിയ മേഖലകളിൽ ഐ.എസ്.റ്റി.എം, ഐ.ഐ.പി.എ തുടങ്ങിയ പരിശീലനകേന്ദ്രങ്ങളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ പ്രത്യേകിച്ച് ഐ.എം.ജി ഊന്നൽ കൊടുത്തിട്ടുള്ള മേഖലകളിലും പരിശീലകരെ പരിശീലിപ്പിച്ചു വരുന്നു. |
| (ഇ) | കൊച്ചി, കോഴിക്കോട് മേഖലാ കേന്ദ്രങ്ങളിൽ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | കൊച്ചി, കോഴിക്കോട് മേഖലാ കേന്ദ്രങ്ങളിൽ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# Department wise list of new programmes

**Ayurveda Medical Education/ Indian system of Medicine**

- Intellectual Property Rights & Ayurveda System of Medicine
- HACCP

**Panchayat**

- Environmental Management
- Social Auditing of Developmental Programmes

**Social welfare Department**

- Gender budgeting

**Scheduled Caste Department**

- Gender budgeting

**Agriculture**

- Public Private Partnership in Agriculture Department Sector - Scope and Limitations in Kerala Context
- Workshop on Asean & Trade Issues in the Kerala Context- a two day programme
- Using ICTs in Agriculture- Success stories e-krishi and KISSAN

**Department of Homoeopathy**

- Research Methodology and Adolescent Counseling for Doctors-

**Economics and Statistics Department**

- Gender issues in field work
- Latest Statistical Techniques

**Commercial Taxes**

- The Finance Bill 2010

**Survey Department**

- Remote sensing based training for survey
- International standards and policies on spatial data

**Food and civil supplies department**

- Commodity markets and commodity exchanges
- New Technologies in quality assessment of food grains

- Supply chain management

**Forest**

- Climate change and impact on Kerala's bio-diversity

**Technical education/ collegiate education**

- Collaboration in Higher education and National Knowledge Grid
- Distance learning in Higher Education

**Directorate of Medical Education**

- Electronic medical Records

**Fisheries**

- Free trade agreement and Fisheries Sector-a Kerala
- Tsunami and costal environment
- FISHNET-*e*-Gov in Fisheries Department

**Labour Department**

- Gender sensitivity in the implementation of labour laws

**Irrigation**

- SMS based irrigation management system

**Town planning**

- Use of Satellite imagery in Town Planning

**Animal Husbandry department**

- Gender empowerment through Animal Husbandry
- Sustainable Animal Production and Natural resource management

**Industries**

- Opportunities for Kerala in Retail Sector
- HACCP

**SC/ST Department**

- e-Grantz

**Health Department**

- Public health for prevention of non-communicable diseases
- Use of GIS for tracking epidemics
- Spatial planning for provision of health services

- Electronic Medical Records

**Public works Department**

- Good Procurement Practices
- Good Practices in Road Making

**Police**

- Tourism Policing

**Employment**

- Finishing School training

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ. 623

30.03.2010 - ൽ
മറുപടി നൽകേണ്ടത്

## ഏഴിമല നാവിക അക്കാദമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.പി. പത്മനാഭൻ.<br>ശ്രീ. പി.ജയരാജൻ.<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു.<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ. | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) ഏഴിമല നാവിക അക്കാദമി പൂർണ്ണമായും പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) അക്കാദമി സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയത്; | (ബി) നാവിക അക്കാദമി സ്ഥാപിക്കുന്നതി നാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. അക്കാദമിയ്ക്ക് വേണ്ടി 955.1397 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. നാവിക അക്കാദമിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 15-ഓളം റോഡുകളുടെ വികസനം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, ജലവിതരണം എന്നിവയ്ക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) അക്കാദമിയിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്; | (സി)<br>1) ഇന്റഗ്രേറ്റഡ് ബി.ടെക് കരിക്കുലം നാലു വർഷ കോഴ്സ്.<br>2) ബി.എസ്.സി (നേവൽ സയൻസസ്) മൂന്ന് വർഷ കോഴ്സ്<br>3) ആറുമാസത്തെ നേവൽ ഓറിയന്റേഷൻ കോഴ്സ് |
| (ഡി) അക്കാദമി സ്ഥാപിച്ചതുമൂലം കേരളീയർക്ക് ഉണ്ടായിട്ടുള്ള നേട്ടം വ്യക്തമാക്കുമോ; | (ഡി) കേരളീയർക്ക് നേട്ടങ്ങൾ അനുഭവയോഗ്യമായി വരുന്നതേയുള്ളൂ. |
| (ഇ) നാവിക അക്കാദമിയുടെ വികസനവുമായി ബന്ധപ്പെട്ട് കേരള സർക്കാർ കൂടുതലായി എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അക്കാദമിയിലേയ്ക്കുള്ള റോഡുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. സ്ഥലം ഏറ്റെടുത്ത് കൈമാറിയ പയ്യന്നൂർ, താവം, പാപ്പിനിശ്ശേരി എന്നിവിടങ്ങളിലുള്ള മേൽപ്പാലങ്ങളുടെ ജോലി ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.624 30.3.2010- ൽ മറുപടിയ്ക്ക്

മൃഗസംരക്ഷണമേഖലയിലെ വായ്പാ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ടി. അഹമ്മദ് അലി:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ.സി. ദിവാകരൻ<br>( ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ). | |
| (എ) | കാർഷിക മേഖലയിലും മറ്റും വായ്പകൾക്ക് തുച്ഛമായ പലിശയും സബ്സിഡിയും ഉള്ളപ്പോൾ മൃഗസംരക്ഷണ മേഖലയിൽ ഇത്തരം ആനുകൂല്യങ്ങളുടെ കുറവ് ക്ഷീരകർഷകരുടെ സംരംഭങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാമധേനു ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി മുഖേന ക്ഷീര കർഷകർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ മറ്റേതെങ്കിലും പദ്ധതി മുഖേന അവർക്ക് ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; | (സി) | കാമധേനു ഇൻഷ്വറൻസ് പദ്ധതി പ്രകാരം പശുക്കൾക്കും അവയുടെ ഉടമസ്ഥർക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭിച്ചിരുന്നു. ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ കർഷകനെ ഇൻഷ്വർ ചെയ്യുന്ന ഘടകം ഇല്ല. എന്നാൽ പശുക്കളെ സൗജന്യനിരക്കിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | ഇൻഷ്വർ ചെയ്യുന്നു. കൂടാതെ, ക്ഷീരകർഷക ക്ഷേമനിധി മുഖേന നടപ്പിലാക്കിയിട്ടുള്ള " ക്ഷീരക്ഷേമ ഇൻഷ്വറൻസ് പദ്ധതി ". ക്ഷേമനിധിയിൽ അംഗത്വമുള്ള മുഴുവൻ കർഷകർക്കും സൗജന്യ ഇൻഷ്വറൻസ് പദ്ധതിയിൽ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ചു നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; | (ഡി) യും (ഇ) യും | നിലവിലുള്ള പദ്ധതി പ്രകാരം പശുക്കളെ ഇൻഷ്വർ ചെയ്യുന്നുണ്ട്. |
| (ഇ) | പ്രസ്തുത ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതുവഴി കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

Omanakumari

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ക്ഷീര ക്ഷേമ ഇൻഷ്വറൻസ് സ്കീം.

28.10.2008 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 2033/08/എ.ഡി പ്രകാരം ഭരണാനുമതിനൽകിയ ക്ഷീരക്ഷേമ ഇൻഷ്വറൻസ് സ്കീം യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ 1,86,763 അംഗങ്ങളാണുള്ളത്. അംഗങ്ങളിൽ നിന്നും പ്രീമിയം തുക ഈടാക്കുന്നില്ല. കേരള സർക്കാരും കേരളാ ഡയറി ഫാർമേഴ്സ് വെൽഫയർ ഫണ്ട് ബോർഡും ഒരംഗത്തിന് 35 രൂപ നിരക്കിൽ പ്രീമിയം തുക അടയ്ക്കുന്നു. 25.3.2009-ൽ 65,36,705 രൂപ പ്രീമിയം അടച്ചിട്ടുണ്ട്.

ഈ പദ്ധതിപ്രകാരം താഴെ പറയുന്ന പരിരക്ഷകൾ ലഭ്യമാണ്.

1. അപകടം മൂലമുണ്ടാകുന്ന മരണത്തിനും ആജീവനാന്ത വൈകല്യങ്ങൾക്കും 50,000 രൂപ.

2. ഗുരുതരമായ രോഗചികിത്സാ ചെലവിനും സർജറിക്കും മറ്റും 15,000 രൂപ.

3. ശ്രദ്ധിക്കപ്പെടുന്ന പകർച്ചവ്യാധികളുടെ ചികിത്സയ്ക്കും , പാമ്പുകടി, പേവിഷ ബാധ എന്നിവയുടെ ചികിത്സയ്ക്കും 2000 രൂപ.

4. പ്രകൃതി ക്ഷോഭം മൂലം കേടുപാടുകൾ പറ്റിയ കാലിഷെഡുകളുടെ അറ്റകുറ്റപണികൾക്ക് 5000 രൂപ.

5. ആമ്പുലൻസ് ചാർജ്ജ് (ഏതെങ്കിലും അംഗത്തിന് മരണം സംഭവിക്കുകയാണെങ്കിൽ) 1000 രൂപ

Omanakumari

പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 625 — 30/03/2010 ൽ മറുപടിക്ക്

## പാചകവാതക ഏജൻസികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. പി.കെ. അബ്ദുറബ്ബ് : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ പാചക വാതക വിതരണ ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ജനങ്ങളുടെ പരാതികൾ പരിശോധിക്കുന്നതിനും സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) പൊതുമേഖല ഓയിൽ കമ്പനി ഉദ്യോഗസ്ഥർ ഗ്യാസ് ഏജൻസികളിൽ മുടങ്ങാതെ പരിശോധനകളും, മിന്നൽ പരിശോധനകളും നടത്തുന്നുണ്ട്. കുറ്റക്കാർക്കെതിരെ 2001-ലെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് അനുസരിച്ച് ശിക്ഷാനടപടികളും സ്വീകരിച്ചു വരുന്നു. ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി ഓയിൽകമ്പനി ഓഫീസുകളോട് ചേർന്ന് കസ്റ്റമർ സർവ്വീസ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പാചക വാതക ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനായി നിശ്ചിത ദിവസങ്ങളിൽ നിശ്ചിത ഏജൻസികളിൽ ഫീൽഡ് ഓഫീസർമാർ നേരിട്ട് പരാതിക്ക് പരിഹാരം കാണുന്നുണ്ട്. എൽ.പി.ജി. വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ ജില്ലകളിലും നിലവിലുള്ള ഓപ്പൺ ഫോറങ്ങൾ എല്ലാമാസവും കൂടി വരുന്നു. പാചക വാതക വിതരണം സംബന്ധിച്ച് ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ എല്ലാം തന്നെ ഓപ്പൺ ഫോറത്തിൽ ചർച്ച ചെയ്യുകയും പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൺസ്യൂമർ ഹെൽപ്പ്ലൈൻ വഴി, ഉപഭോക്താക്കളുടെ പരാതികൾ ഉടൻ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതികൾ നേരിട്ട് സമർപ്പിക്കുന്നതിന് **1800 - 425 - 1550** എന്ന ടോൾ ഫ്രീ നമ്പരും ഏർപ്പെടുത്തിയിട്ടുണ്ട്. |

കൂടാതെ അളവു തൂക്കങ്ങളിലെ കൃത്യതയും മായം ചേർക്കലും കരിഞ്ചന്തയും മറ്റ് അനീതികളും സംബന്ധിച്ച് ലീഗൽ മെട്രോളജി വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ട്.

(ബി) ഗാർഹിക ആവശ്യത്തിനുള്ള സിലിണ്ടറുകൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിനും, ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

(ബി) ഗാർഹിക ആവശ്യത്തിനുള്ള സിലിണ്ടറുകൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിനും. ആയത് ഉപഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും ഓയിൽ കമ്പനി ഉദ്യോഗസ്ഥരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടാതെ പരാതികൾ പരിഹരിക്കുന്നതിനായി **1800 - 425 - 1550** എന്ന കൺസ്യൂമർ ഹെൽപ്പ്ലൈനും സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ